"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി.മറിയാമ്മ ആഷിദ, പായങ്ങാടി, ആദൂർ.പി.ഒ, കാസർഗോഡ് സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.651/2025/ID തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:-

1. കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റിന്റെ 08.05.2023 തീയതിയിലെ DOKAS-DMG/1658/2022-M നമ്പർ നോട്ടീസ്.
2. ശ്രീമതി.മറിയാമ്മ ആഷിദ, പായങ്ങാടി, ആദൂർ.പി.ഒ, കാസർഗോഡ് 31.10.2023 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 27.04.2025 തീയതിയിലെ ഡിഎംജി/3391/2024-എം5 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിലെ എടനാട് ഗ്രൂപ്പ് വില്ലേജിൽപ്പെട്ട കണ്ണൂർ വില്ലേജിലെ റീ.സർവ്വെ നമ്പർ 112/9 ൽപ്പെട്ടതും ശ്രീമതി.മറിയാമ്മ ആഷിദ, പായങ്ങാടി ഹൗസ്, ആദൂർ പള്ളം, കാസർഗോഡ് എന്ന വ്യക്തിയുടെ കൈവശത്തിലുള്ളതുമായ സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്തതിന് തുടർനടപടികൾ സ്വികരിക്കുന്നതിലേക്കായി എടനാട് ഗ്രൂപ്പ് വില്ലേജ് ഓഫീസർ ജില്ലാ ജിയോളജി ഓഫീസിൽ റിപ്പോർട്ട് ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിന് നോട്ടീസ് അയച്ചിരുന്നുവെങ്കിലും ടിയാൻ പ്രതികരിച്ചിരുന്നില്ലായെന്നും കൂടാതെ റവന്യൂ വകുപ്പുമായി ചേർന്ന് ജില്ലാ ജിയോളജി ഓഫീസിൽ നിന്നും നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ വില്ലേജ് അധികൃതർ കാണിച്ച് തന്ന മേപ്പടി സ്ഥലത്ത് നിന്നും ഹർജിക്കാരി രണ്ട് പ്ലോട്ടുകളിലായി 12038.4 + 3180 = 15218.4 ക്യൂബിക് മിറ്റർ ചെങ്കല്ല് അനധികൃതമായി ഖനനം ചെയ്തതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പാഴായിപ്പോയ ചെങ്കല്ലിന്റെ അളവ് കുറച്ച് ബാക്കി 10652.88 ക്യൂബിക് മീറ്റർ ചെങ്കല്ലിന്, ക്യൂബിക് മീറ്ററിന് 60/- രൂപ നിരക്കിൽ 639173/- രൂപ റോയൽറ്റിയും വിലയായി (റോയൽറ്റിയുടെ രണ്ട് മടങ്ങ്) 1278347/- രൂപയും കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ 10,000/- രൂപയും കൂടി ആകെ 19,27,520/- (പത്തൊമ്പത് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ്റി ഇരുപത് രൂപ മാത്രം) സർക്കാരിലേക്ക് ഒടുക്കുന്നതിനും അല്ലാത്ത പക്ഷം ടി തുക ഹർജിക്കാരിയിൽ നിന്നും സർക്കാരിലേക്ക് ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് അറിയിച്ച് കാസർഗോഡ് ജിയോളജിസ്റ്റ് 08.05.2023 ന് നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ ശ്രീമതി.മറിയാമ്മ ആഷിദ, പായങ്ങാടി ഹൗസ്, ആദൂർ പള്ളം, കാസർഗോഡ് പരാമർശം (2)

പ്രകാരം ഒരു അപ്പീൽ പെറ്റിഷൻ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ പെറ്റിഷനുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 05/05/2025-ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിക്ക് വേണ്ടി ടിയാന്റെ അഡ്വക്കേറ്റും, കാസറഗോഡ് ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

3. പരാതിക്കാസ്പദമായ സർവേ നമ്പരിൽ നിന്നും താൻ ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്തിട്ടില്ലെന്നും വില്ലേജ് ഓഫീസർ ജിയോളജിസ്റ്റിന് തെറ്റായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് തനിക്കെതിരെ നടപടി സ്വീകരിച്ചതെന്നും ഈ വസ്തു കുന്നിൻപ്രദേശമായതിനാൽ J C B ഉപയോഗിച്ച് നിരപ്പാക്കുക മാത്രമാണ് ചെയ്തതെന്നും ഇക്കാര്യങ്ങൾ ബോധിപ്പിക്കുവാൻ ജിയോളജിസ്റ്റ് അവസരം നൽകിയില്ലെന്നും അതിനാൽ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും ഹിയറിംഗ് വേളയിൽ അപ്പീൽ കക്ഷി ആവശ്യപ്പെട്ടു.

4. അപ്പീൽ പെറ്റീഷൻ സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കാസറകോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലെ എടനാട് ഗ്രൂപ്പ് വില്ലേജിൽപ്പെട്ട കണ്ണൂർ വില്ലേജിലെ റീ സർവെ നം.112/9 ൽ പ്പെട്ടതും ശ്രീമതി. മറിയമ്മത്ത് ആഷിദ, W/o അഹമ്മദ് ഹിലാൽ, പയങ്ങാടി, ആദൂർ.പി.ഒ, കാസറകോഡ് എന്നവരുടെ കൈവശാവകാശത്തിലുള്ള സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്തതിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി എടനാട് ഗ്രൂപ്പ് വില്ലേജ് ഓഫീസർ 16/08/2022 തീയതിയായി 07/2022 നം. കത്ത് മുഖേന കാസറകോഡ് ജില്ല ഓഫീസിൽ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം 20/10/2022 തീയതിയിൽ എടനാട് ഗ്രൂപ്പ് വില്ലേജ് ഓഫീസ് അധികാരികളുടെ സാന്നിധ്യത്തിൽ കാസറകോഡ് ജില്ല ഓഫീസിൽ നിന്നും സംയുക്ത സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പരിശോധനയിൽ പ്രസ്തുത സ്ഥലത്തു നിന്നും 2 പ്ലോട്ടുകളിലായി 12038.4 + 3180 = 152184.4 ക്യൂബിക് മീറ്റർ ചെങ്കല്ല് അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തതായി ബോധ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്തതിൽ കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിന് സ്ഥലമുടമയായ ശ്രീമതി. മറിയമ്മ ആഷിദ എന്നവർക്ക് ജില്ല ഓഫീസിൽ നിന്നും 21/12/2022 തീയതിയിൽ കാരണം കാണിക്കൽ രജിസ്റ്റേർഡ് നോട്ടീസ് അയച്ചിരുന്നു. കാരണം കാണിക്കൽ നോട്ടീസ് സ്ഥലമുടമ കൈപ്പറ്റിയിരുന്നുവെങ്കിലും ജില്ല ഓഫീസിൽ ഹാജരാകുകയോ രേഖാമൂലം വിശദീകരണം നൽകുകയോ ചെയ്തിരുന്നില്ല. മേപ്പടി സ്ഥലത്തു നിന്നും അനധികൃതമായി ഖനനം ചെയ്തതായി കണ്ടെത്തിയ 15218.4 ക്യൂബിക് മീറ്റർ ചെങ്കല്ലിൽ നിന്നും പാഴായിപ്പോയ ചെങ്കല്ലിന്റെ അളവ് 30% കുറച്ച് ബാക്കി 10652.88 ക്യൂബിക് മീറ്റർ ചെങ്കല്ലിന് ക്യൂബിക് മീറ്ററിന് 60/- രൂപ നിരക്കിൽ 6,39,173/- രൂപ റോയൽറ്റിയും, വിലയിനത്തിൽ 12,78,347 /- രൂപ (റോയൽറ്റിയുടെ 2 മടങ്ങ് ) യും കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ 10,000/- രൂപയും കൂടി കെ 19,27,520/- രൂപ സർക്കാരിലേക്ക് ഒടുക്കുന്നതിന് 8/05/2023 തീയതിയിൽ രജിസ്റ്റേർഡ് ഡിമാന്റ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. മേപ്പടി തുക നിശ്ചിത സമയ പരിധിക്കകം സർക്കാരിലേക്ക് ഒടുക്കാത്തതിനെ തുടർന്ന് 22/03/2024 തീയതിയിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ല ജിയോളജിസ്റ്റ് നടപടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ ശ്രീമതി. മറിയമ്മത്ത് ആഷിദ സർക്കാർ മുൻപാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടില്ല എന്നും ജിയോളജിസ്റ്റ് അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യങ്ങൾ പരിഗണിച്ച് അപ്പീൽ കക്ഷിയുടെ അപ്പീൽ അപേക്ഷ നിരസിച്ച് ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഈടാക്കുന്നതിനുള്ള ഉത്തരവ് നൽകേണ്ടതാണ്.

4. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അപ്പീൽ കക്ഷിയുടെ ഉടമസ്ഥതയിലുള്ള എടനാട് ഗ്രൂപ്പ് വില്ലേജിൽപ്പെട്ട കണ്ണൂർ വില്ലേജിലെ റീ സർവെ നം.112/9 ൽ പ്പെട്ടതും ശ്രീമതി. മറിയമ്മ ആഷിദ, W/o അഹമ്മദ് ഹിലാൽ, പയങ്ങാടി, ആദൂർ.പി.ഒ കാസറകോഡ് ജില്ല എന്നവരുടെ കൈവശാവകാശത്തിലുള്ള സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്തതിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി എടനാട് ഗ്രൂപ്പ് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തതനുസരിച്ച് ജില്ലാ ഓഫീസിൽ നിന്നും വില്ലേജ് ഓഫീസറുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ പ്രസ്തുത സ്ഥലത്തു നിന്നും 2 പ്ലോട്ടുകളിലായി 12038.4 + 3180 = 152184.4 ക്യൂബിക് മീറ്റർ ചെങ്കല്ല് അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്തതിൽ കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിന് സ്ഥലമുടമയായ ശ്രീമതി. മറിയമ്മ ആഷിദ എന്നവർക്ക് ജില്ല ഓഫീസിൽ നിന്നും 21/12/2022 തീയതിയിൽ രജിസ്റ്റേർഡ് ആയി അയച്ച കാരണം കാരണം കാണിക്കൽ നോട്ടീസ് സ്ഥലമുടമ കൈപ്പറ്റിയിരുന്നുവെങ്കിലും ജില്ല ഓഫീസിൽ ഹാജരാകുകയോ രേഖാമൂലം വിശദീകരണം നൽകുകയോ ചെയ്തിരുന്നില്ല. അതിനാൽ അപ്പീൽ കക്ഷി അനധികൃത ഖനനം നടത്തിയിട്ടില്ലെന്നും കക്ഷിക്ക് ഇതു സംബന്ധിച്ച് നോട്ടീസൊന്നും നൽകിയിട്ടില്ലെന്നുമുള്ള വാദത്തിൽ കഴമ്പില്ല. കക്ഷി അനധികൃത ഖനനം നടത്തിയിട്ടുള്ളതിനാൽ KMMC ചട്ടങ്ങളിലെ ചട്ടം 108 (2) പ്രകാരം പെനാലിറ്റി ഒടുക്കുവാൻ ബാധ്യസ്ഥയാണ്. ഈ സാഹചര്യത്തിൽ 08/05/2023 ൽ കാസർഗോഡ് ജിയോളജിസ്റ്റ് നൽകിയ പരാമർശം (1) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നിലനിറുത്തിക്കൊണ്ടും അതിന്റെ അടിസ്ഥാനത്തിലുള്ള തുക ഈടാക്കുവാൻ കാസറഗോഡ് ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയും ശ്രീമതി.മറിയാമ്മ ആഷിദ, കാസറഗോഡ് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീമതി.മറിയാമ്മ ആഷിദ, പായങ്ങാടി, ആദൂർ.പി.ഒ, കാസർഗോഡ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, കാസർഗോഡ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 03-06-2025 17:33:34

സെക്ഷൻ ഓഫീസർ